# കാലിക്കറ്റ് സർവകലാശാല

## വിദൂര വിദ്യാഭ്യാസ വിഭാഗം

# SDE FEST 2020

## കലാമേള- 2020 ഫെബ്രുവരി 28, 29

### പൊതുനിർദേശങ്ങൾ

- കാലിക്കറ്റ് സർവകലാശാലാ വിദൂര വിദ്യാഭ്യാസ വിഭാഗം നടത്തുന്ന ആർട്സ് ഫെസ്റ്റിവൽ 2020 ഫെബ്രുവരി 28, 29 തീയതികളിൽ ഇ.എം.എസ്. സെമിനാർ കോംപ്ലക്സ്, സർവകലാശാലാ ഓഡിറ്റോറിയം എന്നിവിടങ്ങളിൽ സജ്ജീകരിച്ചിരിക്കുന്ന 4 വേദികളിലായി നടത്തുന്നതാണ്. വിശദമായ മത്സരക്രമങ്ങളും വേദികളും വിദൂര വിദ്യാഭ്യാസവിഭാഗത്തിന്റെ വെബ്സൈറ്റിൽ ([www.sdeuoc.ac.in](http://www.sdeuoc.ac.in)) ൽ ലഭ്യമാണ്.
- ഓൺലൈൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്ത മത്സരാർത്ഥികൾ അതതു വേദിക്കു സമീപമുള്ള രജിസ്ട്രേഷൻ കൗണ്ടറിൽ നിശ്ചിത സമയത്ത് ഹാജരായി ചെസ്റ്റ് നമ്പറുകൾ കൈപ്പറ്റേണ്ടതാണ്. ഓരോ ഇനവും തുടങ്ങുന്നതിനു മുൻപ് ചെസ്റ്റ് നമ്പറുകൾ ഏറ്റു വാങ്ങിയ മത്സരാർത്ഥിയോ സഹായിയോ ലോട്ട് എടുക്കുന്നതിനായി വേദിക്കരികിൽഎത്തേണ്ടതാണ്.
- എല്ലാ മത്സരാർത്ഥികൾക്കും ഈ ദിവസങ്ങളിൽ ഉച്ചഭക്ഷണം, രാത്രി ഭക്ഷണം, ചായ എന്നിവ സംഘാടക സമിതി ഒരുക്കുന്നതാണ്. ആയതിനുള്ള കൂപ്പണുകൾ രജിസ്ട്രേഷൻ കൗണ്ടറിൽ നിന്ന് കൈപ്പറ്റാവുന്നതാണ്.
- അവശ്യ സാഹചര്യങ്ങളിൽ മത്സര വേദി മാറ്റുന്നതിന് സംഘാടക സമിതിക്ക് അധികാരമുണ്ടായിരിക്കും.
- വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
- ഫലനിർണയവുമായി ബന്ധപ്പെട്ട പരാതികൾ ഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം സർവകലാശാലാ രജിസ്ട്രാർ തലവനായ അപ്പീൽ കമ്മിറ്റിക്ക് നിശ്ചിത ഫീസ് സഹിതം രേഖാമൂലം സമർപ്പിക്കാവുന്നതാണ്.
- പെരുമാറ്റദൂഷ്യം, നിയമ ലംഘനം, എന്നീ കാരണങ്ങളാൽ വ്യക്തികളെയും, ടീമിനെയും അയോഗ്യരാക്കാൻ അപ്പീൽ സമിതിക്ക് അധികാരമുണ്ടായിരിക്കും.
- മത്സരാർത്ഥികൾ മത്സര ദിവസങ്ങളിലെല്ലാം എസ്.ഡി.ഇ.ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൈവശം വെച്ചിരിക്കണം. അധികൃതർ ആവശ്യപ്പെടുമ്പോൾ തിരിച്ചറിയൽ കാർഡ് കാണിക്കണം.

(ഒപ്പ്)

ജനറൽ കൺവീനർ